**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4561** **01-07-2024 - ൽ മറുപടിയ്ക്ക്**

**കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് സഹകരണ വകുപ്പ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | കാർഷിക മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്) പദ്ധതി. ഈ പദ്ധതി പ്രകാരം 2 കോടി രൂപ വരെ 3% പലിശ ഇളവ് ലഭിക്കുന്നതും 2 വർഷം മൊറട്ടോറിയം ഉൾപ്പെടെ 7 വർഷം കാലാവധി ലഭിക്കുന്നതും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെയും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതാണ് പദ്ധതിയുടെ സവിശേഷതകൾ. ഈ പദ്ധതി പ്രയോജനപ്പെടുത്തി കേരളത്തിൽ നിന്നും നാളിതുവരെ 80.11 കോടി രൂപയുടെ വായ്പകൾ സഹകരണ മേഖലയിലൂടെ വിതരണം ചെയ്തിട്ടുണ്ട്.<br><br>കേരളത്തിൽ നബാർഡിന്റെ സഹായത്തോടെ 4 % പലിശ നിരക്കിൽ നടപ്പിലാക്കി വരുന്ന PACS as MSC എന്ന പദ്ധതിയെ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയിൽ ലിങ്ക് ചെയ്ത് 3% പലിശ സബ്സിഡി കൂടി ലഭ്യമാക്കി 1% പലിശ നിരക്കിൽ 2 കോടി രൂപ വരെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് സഹകരണ മേഖലയിലൂടെ വായ്പ ലഭ്യമാകുകയും ചെയ്യുന്നു. കൃഷി വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി. |
| (ബി) | കാർഷിക മേഖലയുടെ വികസനത്തിനായി സഹകരണ വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) | കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA). |

കൃഷിയെ പ്രോത്സാഹിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉൽപ്പാദനത്തിലും, സംഭരണത്തിനും വിപണനത്തിനുമുള്ള ഇടപെടലിനോടൊപ്പം കൃഷി ചെയ്യുന്നതു മുതൽ വിപണനം നടത്തുന്നതു വരെയുള്ള എല്ലാ പ്രവർത്തികളെയും പരിപോഷിപ്പിച്ച് നടപ്പിലാക്കുന്ന ടി പദ്ധതിയിൽ ഉൾപ്പെടുത്തി 20 സഹകരണ സംഘങ്ങൾക്ക് 848.50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

സഹകരണ ഉത്പന്നങ്ങളുടെ ഉത്പാദനം, സംസ്കരണം, വിപണനം, കയറ്റുമതി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകാൻ രൂപീകരിച്ച പദ്ധതിയാണ് സഹായം പദ്ധതി. സഹകരണ ഉൽപന്നങ്ങളുടെ സംഭരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, വിപണനം എന്നിവയിൽ ഏർപ്പെടുന്ന തരത്തിലുള്ള സംഘങ്ങൾക്കാണ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ നിന്നും 50.00 ലക്ഷം രൂപ ഒരു സഹകരണ സംഘത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു റൈസ് മില്ല് സ്ഥാപിക്കുന്നതിനും ഗോഡൗൺ നിർമ്മിച്ച് നെല്ല് സംഭരിച്ച് വിപണനം ചെയ്യുന്നതിനുമായുള്ള ആധുനിക റൈസ് മില്ല് സൈലോ പദ്ധതിക്കായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘത്തിന് 2020-21 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 200.00 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. സഹകരണ സംരംഭകത്വം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഓഹരി ഇനത്തിൽ 100.00 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 100.00 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 200.00 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്കായി നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്ന ലക്ഷ്യത്തോടെ പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS), കേരള പാഡി പ്രൊക്യുർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്നീ സംഘങ്ങൾ സഹകരണ മേഖലയിൽ രൂപീകരിച്ചിട്ടുള്ളത്. നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിക്കുകയും സംഘത്തിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടിയും സ്വീകരിച്ച് വരുന്നു.

പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും കാർഷിക ഉൽപ്പന്നങ്ങൾ ജില്ലക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും, സംഘം പ്രവർത്തന പരിധിയിൽപെട്ട മുഴുവൻ നെൽ കൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള പാഡി പ്രൊക്യുർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്ന നെല്ല് സഹകരണ സംഘം 2021 ആഗസ്റ്റ് 27ന രൂപീകരിക്കുകയും റൈസ് മില്ല് സ്ഥാപിക്കുന്നതിനായി കോട്ടയം മീനച്ചിൽ താലൂക്കിൽ വാങ്ങിയിട്ടുള്ള സ്ഥലത്ത് ആധുനിക റൈസ് മില്ല് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു.

കുട്ടനാട്ടും അപ്പർ കുട്ടനാട്ടും ആധുനിക സൗകര്യങ്ങളോട് കൂടിയ രണ്ട് റൈസ് മിൽ സ്ഥാപിച്ച് നെല്ല് സംഭരണം, സംസ്കരണം തുടങ്ങിയ പ്രവർത്തനം നടത്തുന്ന പദ്ധതിയുടെ ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതുൾപ്പെടെയുള്ള

| | | | |
|---|---|---|---|
| | | | പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘത്തിന് (KAPCOS) ന് 2021-22 സാമ്പത്തിക വർഷം 20.00 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>കേരള ബാങ്കിൽ ഹ്രസ്വകാല കാർഷിക വായ്പകളുടെ പലിശ നിരക്ക് 1% കുറവ് ചെയ്തു. ഹ്രസ്വകാല കാർഷിക വായ്പകളിൽ കൃത്യമായി തിരിച്ചടവ് വരുന്ന വായ്പകൾക്ക് 3% പലിശ സബ് വെൻഷൻ നബാർഡ് മുഖേന ലഭ്യമാക്കി വരുന്നു. തൻ വർഷം 5000 കോടി രൂപയുടെ ഹ്രസ്വകാല കാർഷിക വായ്പയും 1000 കോടി രൂപയുടെ ദീർഘകാല കാർഷിക വായ്പകളും വിതരണം ചെയ്യുന്നതിനു പദ്ധതിയുണ്ട്. കേരള ബാങ്കിന്റെ വായ്പാ നയത്തിൽ മാറ്റം വരുത്തി കൂടുതൽ വായ്പകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ക്ഷീര മേഖലയുടെ വികസനത്തിനായി ക്ഷീരമിത്ര വായ്പ സ്കീമുകൾ മുഖേന ഹ്രസ്വകാല മധ്യകാല കാർഷിക വായ്പകൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ